# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3154** **14.07.2015 ൽ മറുപടിയ്ക്ക്**

## സോളാർ വൈദ്യുത പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി അവിടെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;<br><br>(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ വൻകിട പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ ? | (എ) യും (ബി) യും<br>ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെക്കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന 300 ഏക്കർ സ്ഥലത്ത് 50 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത പദ്ധതി എൻ.എച്ച്.പി.സി - മായി ചേർന്നു നടപ്പിൽ വരുത്താൻ നടപടി എടുത്തു വരുന്നു. കൂടാതെ 200 മെഗാവാട്ടിന്റെ ഒരു സൗരോർജ്ജ പാർക്ക് പദ്ധതി കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ